# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1170 08/02/2013 - ൽ മറുപടിയ്ക്ക്

<u>പരീക്ഷാ സമയം ദീർഘിപ്പിച്ചു നല്കുന്നതിന് നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഹീമോഫീലിയാ പോലുള്ള വിവിധതരം ദീർഘകാലരോഗം ബാധിച്ച വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതാനുള്ള സമയത്തിൽ, എന്തെങ്കിലും ഇളവുകൾ നല്കിയിട്ടുണ്ടോ; | (എ) നല്കിയിട്ടില്ല. |
| (ബി) മരുന്നുകൾ കഴിക്കുന്നതു മൂലമുള്ള തളർച്ച, രക്തം വാർന്നുണ്ടാകുന്ന ക്ഷീണം, തന്മൂലമുണ്ടാകുന്ന ശാരീരിക അവശതകൾ, ഓർമ്മക്കുറവ്, വേദന തുടങ്ങിയ രോഗ പീഡകൾ അനുഭവിക്കുന്ന | (ബി) നിലവിലുള്ള എസ്.എസ്.എൽ.സി. നോട്ടിഫിക്കേഷൻ പ്രകാരം 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള കാഴ്ചക്കുറവ്, കേൾവിക്കുറവ്, അസ്ഥി സംബന്ധമായ വൈകല്യങ്ങൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പഠനവൈകല്യ മുള്ളവർ എന്നീ വിഭാഗങ്ങളെ |

| | |
|---|---|
| വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതാനുള്ള സമയം ദീർഘിപ്പിച്ചു നല്കാൻ നടപടികൾ സ്വീകരിക്കുമോ; | വികലാംഗരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് പരീക്ഷാ സമയത്തിൽ ഉള്ള ഇളവ് ഉൾപ്പെടെയുള്ള പരീക്ഷാ ആനുകൂല്യങ്ങൾ നല്കുന്നത്. ഹീമോഫീലിയ, എപ്പിലപ്സി പോലുള്ള അസുഖബാധിതരെ പ്രത്യേക വിഭാഗമായി കണക്കാക്കി പരീക്ഷാ ആനുകൂല്യങ്ങൾ നല്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. വ്യക്തിഗതമായ അപേക്ഷകളിൽ അസുഖത്തിന്റെ തീവ്രത തെളിയിക്കുന്ന രേഖകൾ ഉൾപ്പെടെയുള്ളവ പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്. |
| (സി) ഇപ്പോൾ നടക്കുവാൻ പോകുന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ തന്നെ, എഴുതാനുള്ള സമയം ദീർഘിപ്പിച്ചു നല്കി ഉത്തരവാകുമോ? | (സി) പരിഗണനയിലില്ല. |

Sreedevi

സെക്ഷൻ ഓഫീസർ